# DIET MALAPPURAM & VIJAYABHERI MALAPPURAM
## SSLC PRE- MODEL EXAMINATION , MARCH 2022
## SET-3
### സാമൂഹ്യശാസ്ത്രം

**പരമാവധി സ്കോർ: 80** **സമയം: 2$^1/_2$ മണിക്കൂർ**

================================================================================

ഭാഗം - I

**എ. 1 മുതൽ 6 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോ ഉത്തരത്തിനും 1 സ്കോർ വീതം)**

1. മെൻഷെവിക്കുകളുടെ നേതാവ് ആരായിരുന്നു ?
   (ലെനിൻ , ട്രോഡ്സ്കി , അലക്സാണ്ടർ കെറൻസ്കി, നിക്കോളാസ് II)
2. താഴെ പറയുന്നവയിൽ കാവേരി നദിയുടെ പോഷകനദി ഏതാണ്?
   (ഇന്ദ്രാവതി, കബനി, ശബരി , ഭീമ )
3. ചുവടെ നൽകിയവയിൽ നിന്ന് തെറ്റായ ജോഡി തിരിച്ചറിയുക.
   (എ) വാർധ വിദ്യാഭ്യാസ പദ്ധതി - മഹാത്മാഗാന്ധി
   (ബി) ജാമിയ മില്ലിയ ഇസ്ലാമിയ - അലി സഹോദരങ്ങൾ
   (സി) വിശ്വഭാരതി യൂണിവേഴ്സിറ്റി - രവീന്ദ്രനാഥ ടാഗോർ
   (ഡി) കേരള കലാമണ്ഡലം - ശ്രീനാരായണ ഗുരു
4. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത് എവിടെയാണ്?
5. നിർവാത മേഖല (ഡോൾഡ്രം) എന്നറിയപ്പെടുന്ന മർദ്ദമേഖല ഏത്?
6. നിസ്സഹകരണ പ്രസ്ഥാനം നിർത്താൻ ഗാന്ധിയെ പ്രേരിപ്പിച്ച സംഭവത്തിന്റെ പേര് എന്ത്?

**ബി. 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. (ഓരോ ഉത്തരത്തിനും 1 സ്കോർ വീതം)**

7. "രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്ര ശാസ്ത്രം" - ഇത് ആരുടെ വാക്കുകളാണ്?
8. 'യൂണിവേഴ്സൽ ഫൈബർ' എന്നറിയപ്പെടുന്ന നാണ്യവിള ഏത്?
   (ചണം, പരുത്തി, തെങ്ങ്, കരിമ്പ്)
9. "ഫോർവേഡ് ബ്ലോക്ക്" എന്ന പേരിൽ ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിച്ചതാര്?
   (സുബാഷ് ചന്ദ്രബോസ്. ജയ് പ്രകാശ് നാരായണൻ, അരുണ ആഫ് അലി, നെഹ്റു)
10. ഏത് സാമൂഹിക പരിഷ്കർത്താവാണ് ' ഹിതകാരിണി സഭ' സ്ഥാപിച്ചത്?
    (സ്വാമി വിവേകാനന്ദൻ , ആനി ബസന്റ്, ആത്മാറാം പാണ്ഡുരംഗ്, വീരേശലിംഗം )

ഭാഗം - II

**എ. 11 മുതൽ 15 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോ ഉത്തരത്തിനും 2 സ്കോർ വീതം)**

11. "കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് മുതലായവക്ക് ഇറക്കുമതിച്ചുങ്കം നൽകണം." മറ്റു രണ്ട് മെർക്കന്റലിസ്റ്റ് നിയമങ്ങൾ എഴുതുക.
12. 19-ാം നൂറ്റാണ്ടിൽ സാമൂഹ്യശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ എതെങ്കിലും രണ്ട് വിപ്ലവങ്ങൾഎഴുതുക.

13. നികുതിഭാരം വഹിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നികുതികളെ രണ്ടായി തരം തിരിക്കാം. അവ ഏവ?
14. വയനാട്ടിലെ കുറിച്യരും കുറുമ്പരും ബ്രിട്ടീഷുകാർക്കെതിരെ തിരിയാൻ ഇടയായ സാഹചര്യങ്ങൾ വിലയിരുത്തുക.            .
15. ആകാശിയ വിദൂര സംവേദനത്തിന്റെ ഏതെങ്കിലും രണ്ട് പരിമിതികൾ ചൂണ്ടിക്കാണിക്കുക.

**ബി. 16 മുതൽ 18 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോ ഉത്തരത്തിനും 2 സ്കോർ വീതം)**

16. സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെയും പിഎൽഒ യുടെയും ലക്ഷ്യം വ്യക്തമാക്കുക.
17. മൈക്രോഫിനാൻസ് സാധാരണക്കാർക്ക് എങ്ങനെ സഹായകമാകുന്നുവെന്ന് ലയിരുത്തുക.
18. ആഭ്യന്തര കടം വിദേശ കടത്തിൽനിന്നും വ്യത്യാസപ്പെടുന്നതെങ്ങനെ?

ഭാഗം – III

**എ. 19 മുതൽ 23 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോ ഉത്തരത്തിനും 4 സ്കോർ വീതം)**

19. അമേരിക്കയിൽ നിലനിന്നിരുന്ന വ്യവസ്ഥയെ മാറ്റി മറിക്കുവാൻ അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിനു കഴിഞ്ഞു. - പ്രസ്താവന സാധൂകരിക്കുക.
20. ആരോഗ്യ പരിപാലനത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഉറപ്പാക്കേണ്ടത്?
21. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് സർദാർ വല്ലഭായ് പട്ടേലും വി പി മേനോനും വഹിച്ച പങ്ക് വിശകലനം ചെയ്യുക.
22. ഉപഭോക്തൃ സംരക്ഷണ നിയമം 1986 ഉപഭോക്താവിന്റെ അവകാശങ്ങൾ വ്യക്തമായി നിർവചിക്കുന്നു. 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന അവകാശങ്ങൾ എന്തൊക്കെയാണ്?
23. നൽകിയിരിക്കുന്ന ഇന്ത്യയുടെ ഔട്ട്ലൈൻ മാപ്പിൽ താഴെ നൽകിയ  ഭൂവിവരങ്ങളെ അടയാളപ്പെടുത്തി പേരെഴുതുക.
    എ) പശ്ചിമ ഘട്ടത്തിലെ ബ്രഹ്മഗിരി മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന നദി
    ബി) സത്പുര നിരകൾ
    സി) മാൾവ പീഠഭൂമി
    ഡി) കൊച്ചി

**ബി. 24 മുതൽ 25 വരെയുള്ള ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. (ഓരോ ഉത്തരത്തിനും 4 സ്കോർ വീതം)**

24. സാമൂഹ്യ ശാസ്ത്രത്തിന് നിരവധി ശാഖകളുണ്ട്. താഴെ കൊടുത്തിരിക്കുന്ന പട്ടിക വിശകലനം ചെയ്ത്, അവയുമായി ബന്ധപ്പെട്ട സാമൂഹ്യ ശാസ്ത്ര ശാഖകളുടെ പേര് കണ്ടെത്തുക.

| | |
|---|---|
| മനുഷ്യ ഉത്ഭവത്തെക്കുറിച്ചും  വംശീയ പരിണാമത്തെക്കുറിച്ചുമുള്ള പഠനം | (എ) |
| മനുഷ്യ മനസ്സിനെക്കുറിച്ചും മാനസികാവസ്ഥകളെക്കുറിച്ചുമുള്ള പഠനം | (ബി) |
| സാമ്പത്തിക വ്യവഹാരത്തെക്കുറിച്ചുള്ള പഠനം | (സി) |

| | |
|---|---|
| കഴിഞ്ഞ കാലത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അന്വേഷണം | (ഡി) |

25. ധരാതലീയ ഭൂപടങ്ങളിൽ വ്യത്യസ്ത ചിഹ്നങ്ങളും നിറങ്ങളും ഉപയോഗിക്കുന്നു. A കോളത്തിൽ നൽകിയിരിക്കുന്ന അടയാളങ്ങളും ചിഹ്നങ്ങളും നിരീക്ഷിച്ച് അവയ്ക്കനുയോജ്യമായ ഭൂസവിശേഷതകൾ കോളം B-യിൽ പൂരിപ്പിക്കുക.

| **എ** | **ബി** |
|---|---|
| **അടയാളങ്ങളും ചിഹ്നങ്ങളും** | **ഭൂസവിശേഷതകൾ** |
|  | ( I ) |
|  | (ii) |
|  | (iii) |
| PO | (iv) |

ഭാഗം - IV

**എ. 26 മുതൽ 29 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോ ഉത്തരത്തിനും 6 സ്കോർ വീതം)**

26. "ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനികുതി നയങ്ങളായിരിന്നു കർഷകരുടെ നട്ടെല്ലൊടിച്ചത് ". ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഇന്ത്യയിൽ നടപ്പിലാക്കിയ മൂന്ന് ഭൂനികുതി സമ്പ്രദായങ്ങൾ വിശദീകരിക്കുക.

27. ഹിമാലയൻ മലനിരകളെ ഹിമാദ്രി , ഹിമാചൽ, സിവാലിക് എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നു. അവയുടെ സവിശേഷതകൾ എഴുതുക.

28. ഫ്രഞ്ച് സമൂഹത്തിൽ നിലനിന്നിരുന്ന മൂന്ന് എസ്റ്റേറ്റുകളുടെ സവിശേഷതകൾ വിശകലനം ചെയ്യുക.

29. ഇന്ത്യയിൽ പൊതുവെ മൂന്ന് കാർഷിക കാലങ്ങളുണ്ട്. മൂന്ന് കാർഷിക കാലങ്ങളും അവയുടെ ഏതെങ്കിലും ഒരു സവിശേഷതയും പട്ടികപ്പെടുത്തുക

**ബി. 30 മുതൽ 32 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോ ഉത്തരവും 6 സ്കോർ വീതം)**

30. ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന വിവിധ പരിഹാരങ്ങൾ ചൂണ്ടിക്കാണിക്കുക .

31. താഴെ പറയുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ചൈനീസ് വിപ്ലവം വിവരിക്കുക.

(എ) കറുപ്പ് വ്യാപാരം

(ബി) തുറന്ന വാതിൽ നയം

(സി) ബോക്സർ കലാപം.

32. ഇന്ത്യയിൽ കൃഷി ചെയ്യുന്ന ചില നാണ്യവിളകൾ താഴെ കൊടുത്തിരിക്കുന്നു.

(എ) കാപ്പി (ബി) കരിമ്പ് (സി) റബ്ബർ.

അവയ്ക്ക് ആവശ്യമായ ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ ചൂണ്ടിക്കാണിക്കുക

**ഭാഗം – V**

**എ. 33 മുതൽ 35 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോ ഉത്തരത്തിനും 8 സ്കോർ വീതം)**

33. " റിസർവ് ബാങ്ക് എല്ലാ ബാങ്കുകളുടെയും പണ സംബന്ധമായ കാര്യങ്ങളുടെ അവസാന ആശ്രയമായി പ്രവർത്തിക്കുന്നു"- പ്രസ്താവനയുടെ വെളിച്ചത്തിൽ ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ വിശദമാക്കുക?

34. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങൾ വിശദീകരിക്കുക? ഈ സമരങ്ങളിലൂടെ ദേശീയ പ്രസ്ഥാനത്തിൽ എന്ത് മാറ്റമാണ് ഉണ്ടായത്?

35. പൗരബോധം വളർത്തിയെടുക്കുന്നതിൽ താഴെ കൊടുത്ത ഘടകങ്ങളുടെ പങ്ക് വ്യക്തമാക്കുക.

(എ) കുടുംബം (ബി) വിദ്യാഭ്യാസം (സി) സംഘടനകൾ (ഡി) മാധ്യമങ്ങൾ

23.

## Map of India

